# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.610 — 02.04.2018-ൽ മറുപടിക്ക്

## വ്യവസായ കേന്ദ്രീകൃത പാർക്കുകളുടെ നിർമ്മാണ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഐ.ബി.സതീഷ്<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പമന്ത്രി) |
| എ) | കയറ്റുമതി വളർച്ച ത്വരിതപ്പെടുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള കയറ്റുമതി അടിസ്ഥാന സൗകര്യത്തിന്റെയും അനുബന്ധ പ്രവർത്തനങ്ങളുടെയും വികസനത്തിനായി സംസ്ഥാനങ്ങൾക്കുള്ള ധന സഹായം (ASIDE) കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനെത്തുടർന്ന് കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി സംസ്ഥാന സർക്കാർ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എ) | കയറ്റുമതി വളർച്ചക്കായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള കേന്ദ്ര ആവിഷ്കൃത പദ്ധതിയായ ASIDE 2014-15 സാമ്പത്തിക വർഷം മുതൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയെങ്കിലും 2015-16 മുതൽ സംസ്ഥാന സർക്കാരിന്റെ വാർഷിക ബഡ്ജറ്റിൽ കയറ്റുമതി വികസനത്തിനുതകുന്ന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള തുക എല്ലാവർഷവും വകയിരുത്തിപ്പോരുന്നുണ്ട്. 2015-16 മുതൽ കയറ്റുമതി വികസനത്തിനുതകുന്ന പദ്ധതികൾ സംസ്ഥാന സർക്കാർ ഈ തുകകൊണ്ട് ആവിഷ്കരിച്ച് നടപ്പിലാക്കിപ്പോരുന്നു. തത്വത്തിൽ 2014-15ൽ കേന്ദ്ര സർക്കാർ ഈ പദ്ധതി നിർത്തലാക്കിയെങ്കിലും Trade Infrastructure for Export Scheme (TIES) എന്ന പേരിൽ മറ്റൊരു സ്കീം 2017-18 മുതൽ 2019-20 വരെയുള്ള മൂന്നു വർഷ കാലയളവിലേക്ക് നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു കൂടാതെ കയറ്റുമതി വളർച്ചയെ ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ കയറ്റുമതി നയം കൊണ്ടു വരാൻ ഉദ്ദേശിക്കുന്നു.<br>2015-16 മുതൽ ASIDE പദ്ധതി പ്രകാരം അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>കയറ്റുമതി വളർച്ച ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി പുന:സംഘടിപ്പിച്ചിട്ടുണ്ട്.<br>കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ ചെറുകിട, ഇടത്തരം സംരംഭകരെ അന്തർ ദേശിയ മേളകളിൽ പങ്കെടുപ്പിക്കുകയും സംസ്ഥാനത്ത് ചെറുകിട വ്യവസായ മേഖലയുടെ വികസനത്തിനായി ബിസിനസ് ടു ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. |
| ബി) | കിൻഫ്രയുടെ കീഴിലുള്ള വ്യവസായ വാണിജ്യ മേഖലകൾ ഏതെല്ലാമെന്നും അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ; | ബി) | സംസ്ഥാനത്ത് വിമാനത്താവളങ്ങൾ, സീപോർട്ട് എന്നീ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വിവിധോദ്ദേശ വ്യവസായ സോണുകൾ സ്ഥാപിക്കുവാൻ കിൻഫ്രക്ക് പദ്ധതിയുണ്ട്. ഇത് പ്രകാരം കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ് എന്നിവിടങ്ങളിലാണ് കിൻഫ്ര വിവിധോദ്ദേശ വ്യവസായ സോണുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇവയിൽ |

കണ്ണൂരും തൊട്ടുപുഴയിലും അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. വിഴിഞ്ഞത്തും കാസർഗോഡും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ കിൻഫ്ര തുടരുന്നു.

**സി)** ഗ്ലോബൽ ആയുർവേദ വില്ലേജ്, ഡിഫൻസ് പാർക്ക്, മെഗാ ഫുഡ് പാർക്ക് തുടങ്ങിയ പ്രത്യേക വ്യവസായ കേന്ദ്രീകൃത പാർക്കുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

**സി)** ആയുർവേദ മേഖലയുടെ വികസനം ലക്ഷ്യമാക്കി കിൻഫ്ര നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഗ്ലോബൽ ആയുർവേദ വില്ലേജ്. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം ജില്ലയിലെ തോന്നക്കൽ എന്ന സ്ഥലത്ത് കിൻഫ്ര 7.5 ഏക്കർ സ്ഥലം ഏറ്റെടുത്ത് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി വർക്കല അയിരൂർ വില്ലേജിൽ 63.27 ഏക്കർ സ്ഥലം കണ്ടെത്തുകയും അതിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.

കിൻഫ്രയുടെ കീഴിലുള്ള പാലക്കാട് ജില്ലയിലെ മെഗാഫുഡ് പാർക്ക് പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. പദ്ധതി തുക 119.02 കോടി രൂപയാണ്. ഇതിൽ കേന്ദ്ര ധനസഹായം 50 കോടി രൂപയാണ്. ഇതുപ്രകാരം കേന്ദ്ര ധനസഹായമായി 28.81 കോടി രൂപ ലഭ്യമായിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത പാർക്കിന്റെ ഭൂമി അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ ഒരു മെഗാഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ പള്ളിപ്പുറം വില്ലേജിൽ നടന്നു വരുന്നു. 65 ഏക്കർ വിസ്തൃതിയിലുള്ള ഈ പാർക്കിൽ റോഡ്, മഴവെള്ള ഓവു ചാലുകൾ, ചുറ്റുമതിൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, കോൾഡ് സ്റ്റോറേജ്, ഫ്രീസർ, സംഭരണശാല, മലിന ജല സംസ്കരണ പ്ലാന്റ് എന്നിവ നിർമ്മാണഘട്ടത്തിലാണ്. 2018 അവസാനത്തോടുകൂടി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

ഒറ്റപ്പാലത്ത് കിൻഫ്രയുടെ കീഴിൽ ഒരു ഡിഫൻസ് പാർക്ക് പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. പദ്ധതി തുക 130.94 കോടി രൂപയാണ്. ഇതിൽ കേന്ദ്ര ധനസഹായം 50 കോടി രൂപയാണ്. ഇതുപ്രകാരം കേന്ദ്ര ധനസഹായമായി 15 കോടി രൂപ ലഭ്യമായിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

### <u>2015-16</u>

| പദ്ധതിയുടെ പേര് | അനുവദിച്ച തുക |
|---|---|
| കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിലെ ആനിമേഷൻ സോണിൽ എസ്.ഡി.എഫ് നിർമ്മാണം | 10.94 കോടി |
| കെ.എസ്.ഐ.ഡി.സി. അപ്പാരൽ പാർക്ക്, അങ്കമാലി | 10.00 കോടി |
| **ആകെ** | **20.94 കോടി** |

### <u>2016-17</u>

| പദ്ധതിയുടെ പേര് | അനുവദിച്ച തുക |
|---|---|
| കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ പാർക്ക്, കാക്കനാട്, എറണാകുളം-എക്സ്പോർട്ട് എൻക്ലേവിന്റെ നിർമ്മാണം | 5.00 കോടി |
| അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട് | 9.00 കോടി |
| കിൻഫ്ര സ്മോൾ ഇൻഡസ്ട്രീസ് പാർക്ക് നെല്ലാട്, എറണാകുളം, കോമൺ എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം | 2.00 കോടി |
| കണ്ണൂരിലെ മട്ടന്നൂരിൽ വ്യവസായ പാർക്ക് നിർമ്മാണം | 9.00 കോടി |
| **ആകെ** | **25.00 കോടി** |

### <u>2017-18</u>

| പദ്ധതിയുടെ പേര് | അനുവദിച്ച തുക |
|---|---|
| കൊല്ലം മുണ്ടക്കലിൽ കശുവണ്ടി കയറ്റുമതി വികസനത്തിനായുള്ള പൊതു അടിസ്ഥാന സൗകര്യം | 9.00 കോടി |
| തൃശ്ശൂർ വെള്ളാനിക്കരയിൽ എക്സ്പോർട്ട് പ്രമോഷനായുള്ള ഫുഡ് സേഫ്റ്റി & ക്വാളിറ്റി ലബോറട്ടറിയുടെ നിർമ്മാണം (കാർഷിക സർവ്വകലാശാല, വെള്ളാനിക്കര) | 2.00 കോടി |
| സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി വികസനത്തിനായുള്ള പൊതു അടിസ്ഥാന സൗകര്യം, തലശ്ശേരി, കണ്ണൂർ | 6.00 കോടി |
| തൃശ്ശൂർ, പുഴക്കൽപാടത്ത് ജെം ആന്റ് ജ്വവലറി നിർമ്മാണത്തിനും കയറ്റുമതി ക്കായുള്ള പൊതു അടിസ്ഥാന സൗകര്യം | 8.00 കോടി |
| കെ.എസ്.ഐ.ഇ.യുടെ കൊച്ചി ഇന്റർനാഷണൽ കണ്ടെയിനർ ഫ്രൈറ്റ് സ്റ്റേഷനിൽ അടിസ്ഥാന സൗകര്യ വികസനം | 5.00 കോടി |
| **ആകെ** | **30.00 കോടി** |